# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 703** **06.02.2013- ൽ മറുപടിക്ക്**

### കടക്കെണിയിലായ കൈത്തറി സംഘങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.കെ.അജിത്<br>ശ്രീ. ഇ.കെ.വിജയൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും<br>വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കടക്കെണിയിലായ എത്ര കൈത്തറി സംഘങ്ങളുണ്ട് ;ഈ സംഘങ്ങളുടെ വായ്പയും പലിശയും എഴുതി തള്ളാനുള്ള പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചതെന്നാണ് ; ഈ പദ്ധതി പ്രകാരം എത്ര കോടി രൂപ കേന്ദ്ര ഗവൺമെന്റ് അനുവദിച്ചു; | (എ) | സംസ്ഥാനത്ത് കടക്കെണിയിലായ 557 പ്രൈമറി കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ ഉണ്ട്. സംഘങ്ങളുടെ വായ്പയും പലിശയും എഴുതി തള്ളാനുള്ള പദ്ധതി 15.10.2008 ൽ ആണ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചത്. കൈത്തറി സംഘങ്ങളെ സംരക്ഷിക്കുന്നതിനായി നടപ്പിലാക്കുന്ന, റിവൈവൽ, റിഫോം ആന്റ് റീസ്ട്രക്ചറിംഗ് പാക്കേജ് ഫോർ ഹാന്റ് ലൂം സെക്ടർ എന്ന പദ്ധതിപ്രകാരം കേരളത്തിലെ 124 പ്രൈമറി കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്ക് റീ ക്യാപിറ്റലൈസേഷൻ അസിസ്റ്റൻസ് നൽകുന്നതിനായി കേന്ദ്ര സർക്കാരിൽ നിന്ന് 24 കോടി രൂപ നബാർഡിന് ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത തുക കൈത്തറി സംഘങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള ചുമതലയുള്ള ഏജൻസി ഏതാണ് ; ഈ തുക സംഘങ്ങൾക്ക് ലഭിക്കുന്നതിന് പാലിക്കേണ്ട നിബന്ധനകൾ | (ബി) | നബാർഡ്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവ സംഘങ്ങൾക്ക് നൽകേണ്ട ഗ്രാന്റും സബ്സിഡിയും പൂർണ്ണമായും നൽകിയിരിക്കണം എന്നതാണ് തുക സംഘങ്ങൾക്ക് ലഭിക്കുന്നതിന് പാലിക്കേണ്ട നിബന്ധന. തുക വിതരണം |

| | | | |
|---|---|---|---|
| | എന്തെല്ലാം ;ഈ തുക വിതരണം ചെയ്ത് തുടങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ ; | | ചെയ്യുന്ന നടപടി ക്രമങ്ങൾ പൂർത്തിയായി കൊണ്ടിരിക്കുന്നു. |
| (സി) | 2011-ൽ തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീമായി എത്ര തുക അനുവദിച്ചു ; ഇതിൽ എത്ര തുക വിതരണം ചെയ്തു? | (സി) | 2011-ൽ തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീം ഇനത്തിൽ 10 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ 2011-12 സാമ്പത്തിക വർഷത്തിൽ 3,98,40,427/- രൂപയും 2012-13 വർഷത്തിൽ 30.01.13 വരെ 50,73,300/- രൂപയും (ആകെ 4,49,13,727/- രൂപ) വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ